"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) നിർമ്മിക്കുന്ന വിവിധതരം ഡീസൽ ജനറേറ്റർ സെറ്റുകൾ, വിവിധ സർക്കാർ / അർദ്ധ സർക്കാർ/ പൊതുമേഖലാ / തദ്ദേശ സ്വയംഭരണ / സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.149/2024/SPD തീയതി,തിരുവനന്തപുരം, 18-12-2024

---

പരാമർശം:-

1. 03.04.2024 ലെ സ.ഉ.(സാധാ) നം.34/2024/SPD നമ്പർ ഉത്തരവ്.
2. കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) എം.ഡി യുടെ 28.10.2024 ലെ M.D.06/058/24 നമ്പർ കത്ത്.

**ഉത്തരവ്**

വിവിധ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ/ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) ൽ നിന്ന് ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്ന വിവിധതരം ഡീസൽ ജനറേറ്റർ സെറ്റുകൾക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 - ൽ ഒരു വർഷത്തേയ്ക്ക് ഇളവ് നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 20/06/24-ന് അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മൂന്നു മാസത്തിനകം തന്നെ ടെൻഡർ നടപടി കൂടാതെ വിപണനം ചെയ്യേണ്ട ഡീസൽ ജനറേറ്റർ സെറ്റുകളുടെ വില നിശ്ചയിക്കേണ്ടതാണെന്ന കർശന നിബന്ധനയോടെ, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) നിർമ്മിക്കുന്ന വിവിധതരം ഡീസൽ ജനറേറ്റർ സെറ്റുകൾ, വിവിധ സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ / തദ്ദേശ സ്വയംഭരണ / സ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുവിപണിയിലെ നിരക്കിനേക്കാൾ അധികരിക്കാതെ, ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 - ൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് സാധനങ്ങൾ വാങ്ങുന്ന വേളയിൽ ഉത്തരവിന്റെ സാധുതാ കാലയളവ് പർച്ചേസിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്മിത എസ്

ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL), മാമല (പി.ഒ), തിരുവാങ്കുളം, കൊച്ചി, എറണാകുളം-682305.
എല്ലാ സർക്കാർ/ അർദ്ധ സർക്കാർ/പൊതുമേഖലാ/തദ്ദേശ സ്വയംഭരണ/സ്വയംഭരണ സ്ഥാപനങ്ങൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
വ്യവസായ വകുപ്പ് (IND-D1/152/2023-IND-Part(1)) പ്രകാരം.
സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം. (സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ് സൈറ്റിൽ ചേർക്കുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ ഉത്തരവ് ഗവൺമെന്റ് വെബ് സൈറ്റിൽ ചേർക്കുന്നതിന്).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ